## 613

രീതി: ആരാധിപ്പിൻ നാം ആരാ

സന്തോഷിപ്പിൻ എന്നും സന്തോഷിപ്പിൻ
കാർത്താവിലെപ്പോഴും സന്തോഷിപ്പിൻ!

1 ഭീതിയുമാധിയുമൊന്നും വേണ്ടാ
സന്തോഷിപ്പാൻ വകയുള്ളതിനാൽ

2 ഭാരങ്ങളെല്ലാം വഹിച്ചിടുന്ന കർത്തൻ
നമുക്കുണ്ട് സന്തോഷിപ്പിൻ-

3 ഈ മണ്ണിലെ ക്ലേശമൽപകാലം സ്വപ്നം
പോലായതു മാഞ്ഞുപോകും

4 കണ്ണുനീർ തൂകുമ്പോൾ മനസ്സലിയും
കർത്താവു നമുക്കുണ്ട് സന്തോഷിപ്പിൻ-

5 മേഘാരൂഢനായി വീണ്ടും വരും
കർത്താവു നമുക്കുണ്ട് സന്തോഷിപ്പിൻ-

6 ഒരുങ്ങുവിൻ പ്രിയരേ! ഒരുങ്ങിടുവിൻ
കർത്തനെയെതിരേൽപ്പാനൊരുങ്ങിടുവിൻ- **J.G.**